# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോഠം,നിങ്ങഠം സ്ഥലം മാറുമ്പോഠം, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോഠം അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികഠം മാസങ്ങഠംക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോഠം അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# ബൈബിൾ ട്രൂത്ത്

Editors

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 11 November 1997 No. 8

## എഡിറേറാറിയൽ

സത്യസന്ധതക്കോ ആത്മാർത്ഥതക്കോ വലിയ പ്രാധാന്യം കൊടുക്കാത്ത സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. സ്വന്തം അഭിലാഷങ്ങൾ നിറവേററുവാൻ എന്തും പറയുവാനും പ്രവർത്തിക്കുവാനും മടിക്കാത്തവർ ധാരാളമുണ്ട്. അവരുടെ കാഴ്ചപ്പാടും വിലയിരുത്തലും അവർക്കു ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിലാണ്. ലോകത്തിലുള്ള മനുഷ്യരെ ആകമാനം ഒന്നു വീക്ഷിച്ചാൽ ഓരോരുത്തരുടേയും ജീവിത രീതികളിൽ വ്യത്യാസമുള്ളതായി കാണാം. പ്രവർത്തികളാണല്ലോ മനുഷ്യന്റെ ഉദ്ദേശം വെളിപ്പെടുത്തുന്നതു. ഹൃദയം നിറഞ്ഞു കവിയുന്നതാണ് നമ്മുടെ വാക്കുകളിലൂടെ പുറത്തു വരുന്നതു. ഉള്ളിൽ സത്യം ഉണ്ടെങ്കിൽ പുറത്തു വരുന്നതു സത്യമായിരിക്കും. ഉള്ളിൽ ദോഷമാണുള്ളതെങ്കിൽ പറയുന്നതു മറെറാന്നായിരിക്കയില്ല. ആത്മാർത്ഥതയുള്ള ഒരാളുടെ അകവും പുറവും ഒരുപോലെയായിരിക്കും.

ഇന്നത്തെ യുവാക്കളിൽ വ്യക്തിത്വ വികസനം മന്ദീഭവിച്ചിരിക്കുന്നതു ഒരു പക്ഷെ നിങ്ങൾ ശ്രദ്ധിച്ചിരിക്കാം. അവരുടെ ധാർമ്മിക നിലവാരം വളരെ താഴ്ന്നു പോയിരിക്കുന്നു. മൂല്യം കൊടുക്കുവാൻ അവർ പഠിച്ചിട്ടില്ല. അതിനു പകരം അപ്രധാനമായവക്കു അവർ മുൻഗണന കൊടുക്കുന്നു. അവരെ ആ നിലയിൽ എത്തിച്ചവ

ർക്കും ഒരു പരിധി വരെ ഉത്തരവാദിത്വമുണ്ട്. മാതാപിതാക്കൾ മക്കൾക്കു കൈമാറേണ്ടതു മാതൃകാപരമായ ജീവിതം ആണ്. മോശമായ മാതൃകയാണ് കുട്ടികൾക്കു കിട്ടുന്നതെങ്കിൽ അവരുടെ ജീവിതത്തിൽ അതു പ്രകടമാകും. നല്ലൊരു വ്യക്തിത്വത്തിനു വേണ്ടി ഓരോരുത്തരും അവനവന്റെ ശൈലി ഉപേക്ഷിച്ച് ദൈവത്തിന്റെ ഇഷ്ടത്തിലേക്കു തിരിയണം. താഴ്ച്ചയിൽ നിന്നേ ഉയർച്ച ഉണ്ടാവുകയുള്ളു. ബാല്യം മുതൽ കുട്ടികളെ സത്യസന്ധതയും ആത്മാർത്ഥതയും എന്തെന്നും അതിന്റെ ഫലമെന്താണെന്നും പഠിപ്പിക്കണം. അങ്ങനെയായാൽ അവർ വളർന്നു വരുമ്പോൾ അവർക്കു ജീവിതം ശരിയായി ആസ്വദിക്കാൻ കഴിയും.

സത്യസന്ധതയും ആത്മാർത്ഥതയും ഒരാളിൽ ഇല്ലെങ്കിൽ അയാളിൽ മോഷ്ടക്കം, വഞ്ചന, ചതി, കുതകാൽവെട്ട് എന്നിവയായിരിക്കും കാണുക. ഇതു എന്തുകൊണ്ട് ഉണ്ടാകുന്നു? സ്വാർത്ഥത കൊണ്ടുണ്ടാകാം. ലൗകികമായ ഭ്രമം, ദ്രവ്യാഗ്രഹം, ഈർഷ്യ, വൈരാഗ്യം എന്നിവയും കാരണമാകുന്നു. കാരണം എന്തു തന്നെയായാലും ചെയ്യുന്ന പ്രവർത്തിയുടെ അനന്തര ഫലം പരിതാപകരം തന്നെയായിരിക്കും. സമാധാനവും സന്തോഷവും ശാന്തതയും നഷ്ടപ്പെടും. ദൈവ കോപത്താലുള്ള ശിക്ഷ അനുഭവിക്കാതിരിക്കയില്ല. ഓരോരുത്തൻ മനസു പുതുക്കി രൂപാന്തരപ്പെടുകയാണു വേണ്ടത്. മാനസാന്തരപ്പെട്ടില്ലെങ്കിൽ ആ വ്യക്തി അങ്ങനെ തന്നെ നശിച്ചു പോകും. നേരായ മാർഗ്ഗം ഉള്ളപ്പോൾ എന്തിനു നാം വളഞ്ഞ വഴി സ്വീകരിക്കണം? മതപരമായി ദൈവത്താൽ അംഗീകരിക്കപ്പെടണമെങ്കിൽ, സത്യസന്ധമായി ജീവിക്കുക.

★

# ഞാൻ എന്തുകൊണ്ടു ദൈവത്തിൽ വിശ്വസിക്കുന്നു?

J.C. ചോട്ട്

ഞാൻ എന്തുകൊണ്ടു ദൈവത്തിൽ വിശ്വസിക്കുന്നു? ഏതൊരാളും എന്തുകൊണ്ട് ദൈവത്തിൽ വിശ്വസിക്കണം? വാസ്തവത്തിൽ ഒരു ദൈവം ഉണ്ടോ? ദൈവം നിലനില്ക്കുന്നുണ്ട് എന്നു നമുക്കെങ്ങനെ അറിയാം? ഈ പ്രപഞ്ചത്തിനു ഒരു സൃഷ്ടി കർത്താവുണ്ടു എന്ന കാര്യം സമ്മതിക്കാത്ത ബുദ്ധിജീവികൾ ധാരാളമുണ്ട്. ജ്ഞാനോദയ കാലയളവിലല്ലേ നാം ജീവിക്കുന്നത്? പരിണാമ സിദ്ധാന്തം തെളിയിച്ചാണോ അംഗീകരിക്കപ്പെട്ടിട്ടുള്ളത്? സൃഷ്ടിയും ജീവനും ഒരു യാദൃശ്ചിക പൊട്ടിത്തെറിയുടെ ഫലമായുണ്ടായതാണെന്ന് ശാസ്ത്രജ്ഞന്മാർ യോജിക്കുന്നില്ലേ? ഈ വിധത്തിലുള്ള എണ്ണമററ ചോദ്യങ്ങൾ നമുക്ക് ചോദിക്കാൻ സാധിക്കും. മനുഷ്യരുടെ അറിവും യാഥാർത്ഥ്യവും തമ്മിൽ അന്തരമുണ്ട്. സത്യം എന്നും സത്യമായി നിലനില്ക്കുന്നു. നമ്മുടെ ചിന്താഗതി സ്ഥിതികരിക്കാവുന്ന യാഥാർത്ഥ്യത്തിലേക്കു തിരിയണം.

ലോകത്തിലേക്കു ഒന്നു കണ്ണോടിച്ചാൽ അവർ പറയുന്നതു മാത്രം ശ്രദ്ധിച്ചാൽ അവിശ്വാസികൾ ധാരാളം സാദ്ധ്യതകൾ പുറത്തുവിട്ടിട്ടുണ്ട്. ദൈവമില്ല എന്നും ഈ പ്രപഞ്ചവും അതിലുള്ളതൊന്നും സൃഷ്ടിച്ചതല്ലെന്നും അവർ വിശ്വസിക്കുന്നു. അബദ്ധങ്ങളിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവരാണ്. ഏതാനും കാര്യങ്ങളിൽ അവർക്കു കിട്ടിയിരിക്കുന്ന അറിവിൽ അവർ ഒതുങ്ങുന്നു. അതിനപ്പുറം അവർ ചിന്തിക്കുന്നില്ല. സാമാന്യ ബുദ്ധി ഉപയോഗിക്കാൻ കഴിവുള്ള ഏതൊരാൾക്കും താത്വികമായി അത്തരം ഒരു നിഗമനത്തിൽ എത്തിച്ചേരാൻ പ്രയാസമായിരിക്കും. കാരണം ഇതിനു ഒരു മറുവശം ഉണ്ട് എന്നതാണ്.

അതിനെ കുറിച്ചും നാം ചിന്തിക്കണം. ദൈവം ഇല്ല എന്നു
മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു എന്നത്രെ സങ്കീർ
ത്തനക്കാരൻ പറയുന്നത് (സങ്കീർത്തനങ്ങൾ 14:1). മനു
ഷ്യനു എത്ര പുരോഗതി ഉണ്ടായെങ്കിലും ചിന്താഗതി ഈ കാ
ര്യത്തിൽ ഉയരുന്നില്ല.

ദൈവം ഇല്ല എന്നു സമർത്ഥിക്കുന്ന ആർക്കും ഇന്നു
വരെ പൂർണ്ണമായി തെളിയിക്കുവാനോ കഴിഞ്ഞിട്ടില്ല. എ
ങ്കിലും അവർ വാദിക്കയും തർക്കിക്കുകയും ചെയ്യുന്നുണ്ട്
നിങ്ങളെ എങ്ങനെയെന്നു എനിക്ക് അറിഞ്ഞുകൂടാ. പക്ഷെ
എന്റെ കാര്യത്തിൽ ഇന്നുവരെ ഈ സംവാദക്കാർക്ക് ആർ
ക്കും ദൈവമില്ല എന്നു എന്നെ ബോധ്യപ്പെടുത്താൻ കഴി
ഞ്ഞിട്ടില്ല. അതിനു പകരമായി ഒരു ദൈവം ഉണ്ട് എന്നും
അവൻ നിത്യനായ സൃഷ്ടികർത്താവാണെന്നും ഉള്ള വി
ശ്വാസം എന്നിൽ പ്രബലപ്പെടുകയാണ് ചെയ്തതു. എ
നിക്കു അതു എങ്ങനെ പറയാൻ കഴിയുന്നു? ദൈവം നില
നില്ക്കുന്നു എന്നതും സകലവും ദൈവത്താൽ സൃഷ്ടി
ക്കപ്പെട്ടു എന്നതും നിഷേധിക്കുവാൻ ഈ ബുദ്ധി ജീവി
കൾക്കു എങ്ങനെ കഴിയുന്നു എന്നു ഞാൻ അതിശയിക്കാറു
ണ്ട്. വെറും പൊള്ളയായ ന്യായവാദങ്ങൾകൊണ്ട് അവർ
തർക്കിക്കുന്നു. കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കയാണ്
അവർ ചെയ്യുന്നത്. ലോകത്തിലുള്ളതെല്ലാം യാദൃശ്ചി
കമായി ഉണ്ടായി എന്നു പറയുമ്പോൾ അതിന്റെ കാര്യകാര
ണ സഹിതം തെളിയിക്കുവാൻ അവർക്കു കഴിയുന്നുമില്ല.
ഇത്തരം ആളുകൾ കുരുടന്മാരും അജ്ഞരും യാഥാർത്
ഥ്യം പ്രവേശിക്കാതിരിക്കാൻ മനസ്സിനെ അടച്ചു പിടിക്കു
ന്നവരുമാണ്.

ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നതിനു അനേക കാ
രണങ്ങൾ ഉണ്ട്. ഞാൻ ദൈവത്തിൽ വിശ്വസിക്കുവാനുള്ള
ഒരു കാരണം സൃഷ്ടി തന്നെ. സൃഷ്ടിയുണ്ടെങ്കിൽ സൃ
ഷ്ടി കർത്താവുണ്ട്. അപ്പോൾ ദൈവവുമുണ്ട്. അതു

വളരെ ലളിതമായ പരമാർത്ഥമാണ്. മററു വിവരണങ്ങൾ നല്കുന്നത് ഇതിന് അടുത്തു പോലും വരുന്നില്ല. നമ്മോടു അരുളിച്ചെയ്തിരിക്കുന്നതു ''ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു'' (ഉല്പത്തി 1:1). ഇതു വ്യക്തമായ അർത്ഥത്തെ വെളിപ്പെടുത്തുന്നു. നിർമ്മാണത്തേയും നിർമ്മാതാവിനെയും നമ്മുടെ മനസിൽ തരുമ്പോൾ അടിസ്ഥാനപരമായ ഒരു അറിവ് നമ്മിൽ ഉണർത്തുകയാണ്. ഈ ഒരു പ്രസ്താവനയെ സംശയിക്കുന്നതുകൊണ്ടാണ് ചിലർ മററു ചിന്താഗതിയിലേക്കു തിരിയുന്നതു. അങ്ങനെ അവർ നിലയില്ലാത്ത വെള്ളത്തിൽ അകപ്പെട്ടതുപോലെയാണ്. അവർക്കു ഉറപ്പിച്ച് നില്ക്കാൻ കഴിയുന്നില്ല. പിതൃത്വത്തെ സംശയിക്കുന്ന മക്കൾ എന്നപോലെയാണ് അവർ.

മനുഷ്യനും അവൻെറ കഴിവുകളും ചിന്തിക്കുവാനും കാര്യ കാരണസഹിതം വിവേചിക്കുവാനുള്ള പ്രാപ്തിയും നിമിത്തം ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. പരിണാമ സിദ്ധാന്തത്തെ വിവരിക്കാൻ ശ്രമിക്കുന്ന ആളുകൾ ഉത്തരം പറയാത്ത ഒരുപാടു ചോദ്യങ്ങൾ അവശേഷിക്കുന്നു. സിദ്ധാന്തം ഒരിക്കലും വാസ്തവമല്ല എന്നതാണ് ആദ്യമായി തെളിയിക്കുന്നതു. അതുകൊണ്ട് പരിണാമം മനുഷ്യനിൽ കുത്തിച്ചെലുത്തുന്നതു സത്യവിരുദ്ധമാണ്. പരിണാമം സംഭവിച്ചതാണ് മനുഷ്യൻ എന്ന കണ്ടു പിടിത്തം മനുഷ്യൻേറതാണ്. മനുഷ്യൻെറ ഉത്ഭവത്തെ കുറിച്ച് അവൻ ഊഹാപോഹങ്ങളിൽ എത്തിച്ചേർന്നതു മററുള്ളവരെ വിശ്വസിപ്പിക്കാൻ ശ്രമിക്കുകയാണ്. ഒരു കോശത്തിൽ നിന്നു മാററം സംഭവിച്ച് മൃഗമായും പിന്നീട് രൂപാന്തരം വന്നു മനുഷ്യനായും തീർന്നു എന്ന അവരുടെ ചിന്താഗതിക്കു മുൻപിൽ എന്തുകൊണ്ടു ആ പ്രതിഭാസം പിന്നീട് ഉണ്ടാകുന്നില്ല എന്ന ചോദ്യം ശേഷിക്കുന്നു. അതിനുള്ള ഉത്തരം ഞാൻ പറയാം. മനുഷ്യൻ ദൈവത്തിൻെറ സൃഷ്ടിയാണ്. പിന്നീട് പ്രത്യുൽപാദന

ശേഷിയും നൽകി. പുറമെയുള്ള ഭൗതിക ശരീരവും അകത്തുള്ള ആത്മാവും അടങ്ങിയിരിക്കുന്ന ഈ സൃഷ്ടി ദൈവത്തിൻേറതാണ്. അതുകൊണ്ടാണ് അവനു ചിന്തിക്കുവാനും വിവേചിക്കുവാനും ഉള്ള ശക്തി ഉള്ളത് (ഉല്പത്തി 1:26, 27).

പ്രകൃതി നിയമം പ്രാവർത്തികമാക്കുകയും അതു തെററുകൂടാതെ ഇന്നും ചലിക്കുന്നതുകൊണ്ടും ഞാൻ ദൈകത്തിൽ വിശ്വസിക്കുന്നു. സൂര്യൻ പകലിനെ വാഴുന്നു; ചന്ദ്രൻ, രാത്രിയെ വാഴുന്നു. ഓരോ വർഷവും മാററമില്ലാതെ കാലാവസ്ഥയും നിലനില്ക്കുന്നു; ഏററക്കുറച്ചിൽ കണ്ടേന്നുവരാമെങ്കിലും ചൂടും തണുപ്പും നാം അനുഭവിക്കുന്നു. പ്രത്യുൽപാദനശേഷി കാരണം മനുഷ്യ വർഗ്ഗം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഈ മനോഹരമായ സ്ഥിതി വിശേഷം നിലനില്ക്കുന്നതു ഒരു പരമോന്നത ശക്തിയുടെ നിയന്ത്രണ ഫലമാണ്. സൃഷ്ടിയുണ്ടായതുകൊണ്ട് സൃഷ്ടികർത്താവുണ്ട്. നിത്യനായ ദൈവത്തിൻെറ കൈവേലയുടെ മാഹാത്മ്യം നാം തിരിച്ചറിയണം.

ഭൗതികവും ആത്മീകവുമായ ആവശ്യങ്ങൾ ദൈവം തരുന്നതുകൊണ്ടു ഞാൻ അവനിൽ വിശ്വസിക്കുന്നു. അവൻെറ പുത്രനായി യേശുവിനെ ഈ ലോകത്തിലേക്കു അയക്കുകയും അവൻ മനുഷ്യരുടെ പാപങ്ങൾക്കുവേണ്ടി മരിക്കയും ചെയ്തു. താൻ നിമിത്തം ആത്മരക്ഷയും നിത്യജീവനും ലഭിക്കുന്നു. നിത്യതയിൽ ദൈവത്തോടുകൂടെ എന്നേക്കും വസിക്കുവാനുള്ള അവസരവും അവൻ ഒരുക്കിതീർത്തു.

ദൈവം ഇല്ലെന്നു ആളുകൾ പറഞ്ഞാലും ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നതുകൊണ്ട് എനിക്കും ചുററും വസിക്കുന്നവർക്കും അതുകൊണ്ട് നന്മ മാത്രമുണ്ടാകുന്നുള്ളു. അവനിലുള്ള എൻെറ വിശ്വാസം നിമിത്തം ഞാൻ സന്തുഷ്ടനാണ്. ഞാൻ അവനെ വിശ്വസിച്ച് അവൻെറ

കല്പനകൾ പ്രമാണിച്ച് രക്ഷിക്കപ്പെട്ട് അവൻെറ ഇഷ്ട പ്രകാരം അവനെ ആരാധിച്ച് മരണത്തോളം ജീവിച്ചാൽ ഈ ലോക ജീവിതത്തിലും വരുവാനുള്ള സ്വർഗ്ഗീയ ജീവിതത്തിലും എനിക്കു സന്തോഷവും സമാധാനവും ആശ്വാസവും ലഭിക്കും. ദൈവത്തെ വിശ്വസിക്കാത്തവർ, അവൻെറ കല്പനകൾ അനുസരിക്കാത്തവർ, ഇവിടെ കഷ്ടതയനുഭവിക്കും; മരണശേഷം നിത്യാഗ്നിയിൽ കിടന്നു നരകയാതനയും അനുഭവിക്കും. അവിശ്വാസി കൊടുക്കേണ്ട വില എത്ര വലിയത്!

എന്തുകൊണ്ട് ഇത്രയും അവിശ്വാസികൾ? എന്തുകൊണ്ട് ഇത്രയും വിഭിന്നമായ വിശ്വാസികൾ? ദൈവം, ഈ ശാസ്ത്രജ്ഞന്മാരെയും ബുദ്ധി ജീവികളെയും ഇങ്ങനെ അനുവദിക്കുന്നതെന്തുകൊണ്ട്? ദൈവം എല്ലാവർക്കും സ്വതന്ത്ര ചിന്താഗതിയും പ്രവർത്തിക്കുവാനുള്ള അവസരവും കൊടുത്തിട്ടുണ്ട്. അവരുടെ അറിവിനു അപ്പുറം ഒരറിവുണ്ട് എന്നു സമ്മതിച്ചാൽ അവർ ചെറുതാകുമല്ലൊ. തന്നെയുമല്ല അവരുടെ പാപങ്ങൾക്കു ഒരു മറ വേണമല്ലൊ. ശിക്ഷാവിധി എന്നൊന്നില്ലെങ്കിൽ പിന്നെ പാപം ചെയ്യാൻ എന്തിനു മടിക്കണം? ഇതുപോലെയുള്ള മററു കാരണങ്ങളുണ്ട്. അവർ വിശ്വസിച്ചില്ലെങ്കിലും ദൈവം എന്ന സത്യം നിഷേധിക്കാനാവാത്ത യാഥാർത്ഥ്യം തന്നെ. സത്യ ദൈവത്തെ അംഗീകരിക്കാനുള്ള ഹൃദയ വിശാലതയാണ് അവർക്ക് ആവശ്യം.

★

# ദൈവത്തെ ആരാധിക്കുക

**റോജർ ജാക്സൺ**

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

**നി**രന്തരമായി നാം ദൈവത്തെ വണങ്ങേണ്ടതാണ്. കർത്തൃ ദിവസത്തിൽ മാത്രമല്ല എന്നർത്ഥം. കർത്തൃമേശ തുടങ്ങിയ പ്രത്യേകമായ കാര്യങ്ങൾ നാം ചെയ്യുന്നില്ലെങ്കി

ലും പാട്ടും വായനയും പ്രാർത്ഥനയും സുവിശേഷ പ്രവർത്തനവും എല്ലാം ആരാധനയുടെ ഭാഗമാണെന്നു പറയാം. വിശുദ്ധരുമായി കൂടി വരുന്ന സമയങ്ങളിലെല്ലാം നമ്മുടെ ഹൃദയത്തിനു പകരമായി ഒന്നും നമുക്കു നല്കാൻ കഴിയുകയില്ല (1 കൊരിന്ത്യർ 11:20). നാം ദൈവത്തിനു പുകഴ്ച്ചയും സ്തുതിയും അർപ്പിക്കാൻ കിട്ടുന്ന അവസരങ്ങളിൽ എല്ലാം സന്തോഷത്തോടെ നാം മൂപ്പന്മാരെയും ഉപദേഷ്ടാക്കന്മാരെയും അനുസരിച്ച് പോകണം (സങ്കീർത്തനങ്ങൾ 122:1; പ്രവൃത്തി 2:42; 1 കൊരിന്ത്യർ 16: 1-2).

ബഹുമാനത്തോടു കൂടി ആയിരിക്കണം നാം ദൈവത്തെ നമസ്ക്കരിക്കുവാൻ. ആരാധനാ സമയത്തു എഴുതിക്കൊണ്ടിരിക്കയോ, സംസാരിക്കയോ, വായിക്കുകയോ, ഉറങ്ങുകയോ ചെയ്യുന്നതു ആരാധനയെ അലക്ഷ്യമായി കരുതുന്നതിന്റെ അടയാളമാണ്. അതിന്റെ കാരണം ദൈവഭയമോ അതിയായ ബഹുമാനമോ ഇല്ലാത്തതാണ്. ഇത്തരം പ്രവർത്തികൾ കൂട്ടായ്മയിൽ കണ്ടാൽ സന്ദർശകർ പിന്നീട് വന്നെന്നു വരികയില്ല. ഇതു കണ്ടുകൊണ്ട് ചിലരുടെ വിശ്വാസം ത്യജിച്ച് പുറത്തു പോകുവാനും സാദ്ധ്യതയുണ്ട്. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ ആരാധനാസമയത്തു വികൃതികൾ കാണിക്കാതെ സൂക്ഷിക്കണം. അവിടെ പെരുമാററവും സ്വഭാവവും ആർക്കും ഇടർച്ച വരാതെ നോക്കണം. നാം കൂടി വരുമ്പോൾ ദൈവ സാന്നിദ്ധ്യം ഉണ്ടാകും എന്നറിഞ്ഞ് ഭയഭക്തി പൂണ്ടിരിക്കണം (സങ്കീർത്തനങ്ങൾ 89:7; ഹബക്കൂക്ക് 2:20).

നാം താല്പര്യത്തോടും ഉത്സാഹത്തോടും കൂടെ വേണം ആരാധനക്കു സംബന്ധിക്കുവാൻ. കർത്താവിന്റെ സഭയെ ഒരു നാമധേയ വിഭാഗവുമായി ഒരിക്കലും താരതമ്യം ചെയ്യരുത്.

★

# ശുശ്രൂഷയുടെ സന്തോഷം

## വെൽഡൺ ലങ്ങ്ഫീൽഡ്

ലൗകിക കാഴ്ചപ്പാടിൽ ഒരു മനുഷ്യന്റെ വില അളക്കുന്നതു ചില പ്രത്യേക മാനദണ്ഡത്തിന്മേലാണ്. അവന്റെ കീഴിൽ എത്ര ജോലിക്കാർ ഉണ്ട്? അവനെ ചുററിപററി ജീവിക്കുന്നവർ എത്ര? അവന്റെ സഹായികൾ എത്ര? ഇങ്ങനെയാണ് മനുഷ്യർ മനുഷ്യരെ അളക്കുന്നതെങ്കിൽ യേശുക്രിസ്തു എങ്ങനെയാണ് ഒരു മനുഷ്യനെ മതിക്കുന്നത് എന്നു നമുക്കു നോക്കാം. മററുള്ളവരെ ഒരാൾ എത്രമാത്രം സേവിക്കുന്നു എന്ന അടിസ്ഥാനത്തിന്മേലാണ് ക്രിസ്തു അളക്കുന്നത്. ജാതികളുടെ അധിപന്മാർ ആളുകളെകൊണ്ടു ശുശ്രൂഷ ചെയ്യിക്കയാണ് ചെയ്യുന്നത്. യേശു പറഞ്ഞത്: നിങ്ങളിൽ അങ്ങനെ അരുത്; നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ദാസൻ ആകേണം (മത്തായി 20:26-27). സഹസഹോദരങ്ങളെ സേവിക്കുന്നതുകൊണ്ടു നമുക്ക് ഉള്ളിൽ സന്തോഷം ജനിക്കുന്നു. ദൈവപുത്രനായ ക്രിസ്തു അവസാനം ക്രൂശിൽ മരിക്കുവോളം മനുഷ്യ ശുശ്രൂഷക്കായി പ്രവർത്തിച്ചു (എബ്രായർ 12:2). ആത്മാർത്ഥമായി ദൈവത്തെയും മററുള്ളവരെയും ശുശ്രൂഷിക്കുമ്പോൾ അതു നമ്മിൽ ആനന്ദം നല്കുന്നു.

1. ഏതെല്ലാം രീതിയിലാണ് ഈ സന്തോഷം കിട്ടുന്നത് എന്നു നമുക്കു വിലയിരുത്താം. ഒരാളുടെ താലന്തുകൾ ശരിയായി ഉപയോഗിക്കുമ്പോൾ അതു നമ്മെ സന്തോഷിപ്പിക്കുന്നു. തന്റെ കഴിവുകൾ മുഴുവൻ ഉപയോഗിക്കാൻ പററാത്ത ഒരു ജോലിയാണ് ഒരാൾക്കു ലഭിച്ചിരിക്കുന്നതെങ്കിലും നിരാശയായിരിക്കും ഫലം. തന്റെ കഴി

വുകൾ ഉപയോഗിക്കാതിരിക്കുമ്പോൾ ദുഃഖമുണ്ടാകുന്നത് സ്വാഭാവികം മാത്രം. ഭൗതികമായി ഇതു വാസ്തവമാണെന്നു ജോലി ചെയ്യുന്ന ഏവർക്കും അറിയാം. ആത്മീകമായി, ക്രിസ്ത്യാനികളായി തീർന്നവർ എല്ലാവരും കർത്താവിനു വേണ്ടി സേവനം നടത്തേണ്ടവരാണ്. അവർക്കു ദൈവം നല്കിയിട്ടുള്ള താലന്തുകൾ ഉപയോഗിക്കുന്നതിനെ നിയന്ത്രിക്കുന്ന അവസ്ഥ ഉണ്ടായാൽ അതു മുരടിച്ചു പോകും. പക്ഷെ അവസരങ്ങൾ പാഴാക്കികളഞ്ഞാലോ? ശരിയായി ഉപയോഗിക്കാതിരുന്നാലോ? കർത്താവിന്റെ സഭയുടെ വളർച്ചക്കു തടസമായി നില്ക്കുന്നതു ഉപയോഗിക്കാത്ത താലന്തുകളാണ്. കുഴിച്ചു മൂടിയിരിക്കയാണ് അവരുടെ വാസനകൾ. അതുകൊണ്ടു സമൂഹം ദുരുപദേശത്താലും തെററായ സഭകളാലും നിറയപ്പെടുന്നു. കർത്താവിന്റെ വേല യഥാർത്ഥമായി ചെയ്യുന്നവർക്കു സംതൃപ്തിയുണ്ടാകും.

ദൈവരാജ്യത്തിലായി തീർന്ന ഓരോരുത്തരും അവരവരുടെ കഴിവുകൾ തിരിച്ചറിയണം; അതു വളർത്തിയെടുത്തു ഉപയോഗിക്കണം. ക്രിസ്തീയ ജീവിതം ഗൗരവമായി എടുത്താൽ മാത്രമെ അതു സാധിക്കു. താലന്തുകൾ ശരിയായി ഉപയോഗിക്കുന്നതു മനസിലാക്കുവാൻ യേശു ഉപമ പഠിപ്പിക്കയുണ്ടായി. രണ്ടു വിശ്വസ്ഥരായ ശുശ്രൂഷകന്മാർ ബുദ്ധിപൂർവ്വം അതു ഉപയോഗിച്ചതുകൊണ്ടു കർത്താവ് അവരോടു പറഞ്ഞത്: യജമാനന്റെ ''സന്തോഷത്തിലേക്കു പ്രവേശിക്ക'' എന്നായിരുന്നു. നമുക്കു സന്തോഷം ലഭിക്കണമെങ്കിൽ നാം മററുള്ളവരെ സന്തോഷിപ്പിക്കുക. നിസ്വാർത്ഥമായ സേവനമാണ് നാം നടത്തുന്നതെങ്കിൽ ഫലം തൃപ്തമായിരിക്കും. ഏതൊരു പ്രവൃത്തിക്കും അതിന്റേതായ ഫലം ഉണ്ട് നിശ്ചയം. നമ്മുടെ ജീവിതം കൊണ്ട് അപരന്നു പ്രയോജനം ലഭിക്കുന്നതു കാണുമ്പോൾ അനുഭവപ്പെടുന്ന സുഖം ഒന്നു വേറെയാണ്. മനസിനു സുഖം കിട്ടുമ്പോൾ നമ്മുടെ ശരീരത്തിനും അ

തിൻെറ പ്രത്യേകത അനുഭവപ്പെടും. യേശുവിൻെറ ജീവിതം മുഴുവൻ നമുക്ക് സമൃദ്ധമായ ജീവൻ ലഭിക്കേണ്ടതിനു നിയോഗിച്ചു. (യോഹന്നാൻ 10:10).

2. പ്രപഞ്ചവുമായി ഒത്തിണങ്ങി പോകുമ്പോൾ ചാരിതാർത്ഥ്യം അനുഭവപ്പെടും, വൈരുദ്ധ്യങ്ങൾ സംഘട്ടനങ്ങളെ പുറപ്പെടുവിക്കുന്നു എങ്കിൽ നിരപ്പ് സമാധാനത്തെ ഉണ്ടാക്കുന്നു. യേശുവിൻെറ മരണത്തിൽ അടങ്ങിയിരിക്കുന്ന വില എത്രമാത്രം വലുതാണെന്നു കാണിക്കാൻ ഒരു സാധാരണ പ്രതിഭാസത്തെ എടുത്തു കാണിക്കുന്നു "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: കോതമ്പു മണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. തൻെറ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും; ഇഹലോകത്തിൽ തൻെറ ജീവനെ പകെക്കുന്നവൻ നിത്യ ജീവനായി സൂക്ഷിക്കും'' (മത്തായി 12:24-25). പ്രപഞ്ച വസ്തുക്കളെ ദൈവമായി കണക്കാക്കി പ്രപഞ്ചവുമായി ഒത്തിണങ്ങി പോകുവാൻ ലൗകിക മനുഷ്യർ ശ്രമിക്കുമ്പോൾ പ്രകൃതി വസ്തുക്കളിന്മേൽ തനിക്കുള്ള സ്വാധീനം കർത്താവു കാണിക്കുന്നു. അതിൻെറ ഉപയോഗത്തെയും അവൻ മനസിലാക്കി തരുന്നു. ഏകസത്യ ദൈവത്തെ വെളിപ്പെടുത്തി തരികയും അവനെ മാത്രമെ നമസ്കരിക്കാവു എന്നു കല്പിക്കയും ചെയ്തിരിക്കുന്നു. യാഗം എന്ന കേന്ദ്രത്തിനു ചുററുമാണ് പ്രപഞ്ചം മുഴുവൻ എന്ന തത്വം ദൈവം നമുക്ക് കാണിച്ചു തന്നിരിക്കുന്നു. സസ്യങ്ങൾ മൃഗങ്ങൾക്ക് ആഹാരമായി തീരുന്നു. മൃഗങ്ങളും സസ്യങ്ങളും മനുഷ്യനു പ്രയോജനപ്രദമാകുന്നു. സൂര്യൻ പ്രകാശം തരുന്നു തൽഫലമായി ഊർജ്ജവും ചൂടും തരുന്നു. മാതാപിതാക്കൾ തങ്ങളുടെ ജീവിതം മക്കൾക്കായി ഉഴിഞ്ഞു വെക്കുന്നു. അവരുടെ ഊർജ്ജം, സമയം, പണം, സമ്പാദ്യങ്ങൾ എല്ലാം അവർക്കായി കരുതുന്നു. മക്കളുടെ നന്മക്കായി അവർ ത്യാഗം അനുഷ്ടിക്കുന്നു.

ഇനി ആത്മീയമായി നോക്കിയാൽ ഒരു വ്യക്തിയുടെ ജീവിതം മററുള്ളവരുടെ രക്ഷയ്ക്കും നന്മക്കും വേണ്ടി യമഗമായി ഉപയോഗിക്കുന്നു. ശാരീരികമായ അദ്ധ്വാനം മാത്രമല്ല, തൻെറ ഊർജ്ജം, പണം, സമയം എല്ലാം സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളുടേയും ആത്മിക വർദ്ധനവിനായി ഉപയോഗിക്കണം. അങ്ങനെ പ്രവർത്തിക്കുമ്പോഴാണ് അയാളുടെ ജീവിതത്തിന് അർത്ഥമുണ്ടാകുന്നത്. ദൈവവും മനുഷ്യരുടെ അപ്പോഴത്തെ ആ ജീവിതങ്ങളെ വില മതിക്കും. അല്ലെങ്കിൽ ദൈവത്തിനും മനുഷ്യർക്കും പ്രയോജനമില്ലാത്തവർ ആകും. തൃപ്തിയും സന്തോഷവും സുഖവും ആഗ്രഹിക്കാത്തവർ ആരും കാണുകയില്ല. പക്ഷെ അവ നേടിയെടുക്കാൻ അവർ കണ്ടെത്തുന്ന മാർഗ്ഗം മററു പലതുമായതുകൊണ്ട് അവർക്കു ലഭിക്കുന്നില്ല. നിങ്ങൾക്കും എനിക്കും അവ ലഭിക്കുവാനുള്ള ഏക മാർഗ്ഗം ആത്മിക സേവനമാണ്. നാം അപ്രകാരം ജീവിച്ചാൽ ഈ പ്രപഞ്ച ജീവിതം നമുക്കു ശരിയായി ആസ്വദിക്കാൻ കഴിയും.

3. ക്രിസ്തുവിനെ അനുകരിക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം. നാം ക്രിസ്തുവിനെ പിൻപററി കർത്താവിൻെറ വേല ചെയ്യുമ്പോൾ നമുക്കു ഒരു പ്രത്യേക മനോസുഖം ലഭിക്കുന്നു. ത്യാഗോജ്ജ്വലമായ ജീവിതം നയിച്ച യേശുവിനെ അനുഗമിക്കുന്നവരിൽ ക്രിസ്തുവിൻെറ സ്വഭാവം ആയിരിക്കും ഉണ്ടാകുക. അവർ ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിരിക്കും. ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തൻെറ ക്രൂശെടുത്തു എന്നെ അനുഗമിക്കട്ടെ എന്നു കർത്താവു പറഞ്ഞിരിക്കുന്നു (മത്തായി 16:24). ദൈവപുത്രനായ ക്രിസ്തു നമുക്കു പിൻപററുവാൻ ഒരു മാതൃക വിട്ടിട്ടാണ് പോയിരിക്കുന്നത്.

★

# നാം ഫലം കായ്ക്കാത്ത അത്തികളോ?

### ക്ലിഫോർഡ് ഡിക്സൺ

‘‘അവൻ ഈ ഉപമയും പറഞ്ഞു: ഒരുത്തനു തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്നൊരു അത്തിവൃക്ഷം ഉണ്ടായിരുന്നു; അവൻ അതിൽ ഫലം തിരഞ്ഞു ചെന്നു, കണ്ടില്ലതാനും. അവൻ തോട്ടക്കാരനോടു: ഞാൻ ഇപ്പോൾ മൂന്നു സംവത്സരമായി ഈ അത്തിയിൽ ഫലം തിരഞ്ഞു വരുന്നു; കാണുന്നില്ലതാനും; അതിനെ വെട്ടിക്കളക, അതു നിലത്തെ നിഷ്ഫലമാക്കുന്നതു എന്തിനു എന്നു പറഞ്ഞു. അതിനു അവൻ; കർത്താവെ, ഞാൻ അതിനു ചുററും കിളെച്ചു വളം ഇടുവോളം ഈ ആണ്ടുകൂടെ നില്ക്കട്ടെ. മേലാൽ കായിച്ചില്ലെങ്കിലോ-ഇല്ലെങ്കിൽ വെട്ടിക്കളയാം എന്നു ഉത്തരം പറഞ്ഞു’’ (ലൂക്കൊസ് 13:6-9). ഫലം കായ്ക്കാത്ത യെഹൂദന്മാരോടു പറയുന്ന സന്ദർഭമാണിത്. അവർ മാനസാന്തരപ്പെട്ടില്ലെങ്കിൽ നാശം സംഭവിക്കും എന്നു മുന്നറിയിക്കുകയാണ്. ഈ പാഠം അവിടെ അവസാനിക്കുന്നില്ല എന്നതാണ് വാസ്തവം. പക്ഷെ നാം ഓരോരുത്തരും ചോദിക്കേണ്ട ചോദ്യമാണ് ഞാൻ ഫലം കായ്ക്കാത്ത അത്തിയാണോ എന്നത്.

1. ഈ വൃക്ഷം നട്ടിരിക്കുന്നത് താല്പര്യമുള്ള സ്ഥലത്താണ്; തോട്ടത്തിൽ. ലോകമാകുന്ന തോട്ടത്തിൽ നമ്മെ സൃഷ്ടിച്ച് ആക്കിയിരിക്കയാണ്. നമുക്ക് ആഹാരവും വെള്ളവും പാർപ്പിടവും മററെല്ലാ സൗഭാഗ്യങ്ങളും ഇവിടെ ദൈവം നല്കിയിട്ടുണ്ട്. ഭൗതികമായിട്ട് ഇതെല്ലാം ഒരു വശത്ത് കിട്ടുന്നു. മറു വശത്ത് നമ്മുടെ പാപങ്ങൾക്കു പരിഹാരമായി തന്റെ പുത്രനെ തന്നു. അവൻ നമുക്കു വേണ്ടി മരിച്ചു തന്റെ സഭ സമ്പാദിച്ചു. നമ്മെ സഹായിക്കുന്നതിനും നേർ വഴി കാണിച്ചു തരേണ്ടതിനും വേദ പു

സ്തകവും തന്നിരിക്കുന്നു. ദൈവേഷ്ടം അനുസരിക്കുവാനും എല്ലാവരോടും ഈ സന്ദേശം അറിയിക്കുവാനും അവസരവും തന്നു. അതുകൊണ്ടു നാം മാനസാന്തരപ്പെടുവാനും രക്ഷ പ്രാപിക്കുവാനും സുവിശേഷം അറിയിക്കുവാനും ഒരുമ്പെടുന്നില്ലെങ്കിൽ ഫലം കായിക്കാത്ത അത്തി പോലെ ആകും.

2. മനുഷ്യൻ കർത്താവിനായി ഫലം കായ്ക്കുവാൻ കർത്താവു പ്രതീക്ഷിക്കുന്നു. യെഹൂദന്മാർക്കു ഫലം പുറപ്പെടുവിക്കാൻ കഴിയാതിരുന്നതു അവർ ക്രിസ്തുവിനെ തള്ളിക്കളഞ്ഞതുകൊണ്ടാണ്. നാം ക്രിസ്തുവിൻെറ വചനത്തെ തള്ളി കളഞ്ഞാൽ ക്രിസ്തുവിനെ തള്ളി കളയുന്നു. അങ്ങനെയായാൽ ഫലം നല്കുവാനും സാദ്ധ്യമല്ല. യേശു ക്രിസ്തു പറഞ്ഞു: എന്നിൽ വിശ്വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും. കൊമ്പിനു മുന്തിരി വള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴിയുകയില്ല. ഞാൻ മുന്തിരി വള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും. എന്നെ പിരിഞ്ഞ് നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴിയുകയില്ല (യോഹന്നാൻ 15:4-5). ക്രിസ്തുവിനെ കൂടാതെ എത്ര നല്ല പ്രവർത്തികൾ ഒരാൾ ചെയ്താലും ദൈവ മുൻപാകെ അതിനു ഫലമില്ല.

ഒരാൾ ക്രിസ്തുവിൻെറ അടുക്കൽ ചെന്നു അവൻെറ വചനങ്ങളെ കൈകൊള്ളണം. ഒരാൾ ക്രിസ്തുവിൽ ആകാതിരുന്നാൽ അയാൾക്കു ദൈവ വിഷയമായി പ്രവർത്തിക്കാൻ സാദ്ധ്യമല്ല. ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിനു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരു നാളും അരുത്. പാപ സംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ? അ

ല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററവരായ നാം എല്ലാവരും അവൻെറ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏററിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവൻെറ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിൻെറ മഹിമയാൽ ജീവിച്ചെഴുന്നേററതുപോലെ നാമും ജീവൻെറ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ (റോമർ 6:1-4).

3. കർത്താവിനു ഫലം കൊടുക്കുന്നില്ലെങ്കിൽ ജീവിതം വ്യർത്ഥമാണ്. മൂന്നു വർഷമായി ഞാൻ ഈ വൃക്ഷത്തിൽ നിന്നു ഫലം തിരഞ്ഞു വരുന്നു, കാണുന്നില്ലതാനും. അതുകൊണ്ട് അതിനെ വെട്ടിക്കളക; നിഷ്ഫലമായ വൃക്ഷം ഭൂമിയിൽ എന്തിന് എന്ന ചോദ്യമാണ് അവൻ ചോദിക്കുന്നത്. ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതു മനുഷ്യർ മാത്രമാണ്. മനുഷ്യനിൽ ഒരു നിത്യാത്മാവിനെയാണ് ദൈവം തന്നിരിക്കുന്നതു. അതു ദൈവത്തോടു കൂടി വസിക്കുന്നതിനാണ്. അതിനുള്ള നിർദ്ദേശങ്ങൾ തിരുവെഴുത്തിൽ കൊടുത്തിരിക്കുന്നു. അവയെ തള്ളിക്കളഞ്ഞിരിക്കുന്ന മനുഷ്യർ ഫലമില്ലാത്ത വ്യർത്ഥ ജീവിതം നയിക്കുന്നവരാണ്. യേശുവിൻെറ രക്തത്താൽ മനുഷ്യരെ വീണ്ടെടുക്കുവാൻ എത്ര അദ്ധ്വാനം ദൈവത്തിൽ നിന്നു വേണ്ടി വന്നു എന്നോർക്കുക. എന്നിട്ടും മനുഷ്യർ ദൈവത്തിൽ നിന്നു മുഖം തിരിച്ചു കളയുന്നു. മനുഷ്യ ജീവിതത്തിൻെറ സാരം മനസിലാക്കിയ ശലോമോൻ പറയുന്നു: എല്ലാററിൻേറയും സാരം കേൾക്കുക; ദൈവത്തെ ഭയന്നു അവൻെറ കല്പനകളെ അനുസരിക്കുക. ഇതാകുന്നു സകല മനുഷ്യർക്കും വേണ്ടത് (സഭാപ്രസംഗി 12:13).

4. തോട്ടക്കാരൻ എന്നതുകൊണ്ടുദ്ദേശിക്കുന്നതു ക്രിസ്തുവിൻെറ സന്ദേശ വാഹകരാണ്. ദൈവ വചനം പഠിപ്പിച്ച് അതനുസരിക്കുവാൻ ആളുകളെ ഉത്തേജിപ്പിക്കു

ന്നവരാണ് അവർ. അവർ വൃക്ഷത്തിനു ചുററും കിളച്ചു വളമിടുന്നതു പോലെ പ്രവർത്തിക്കയാണ്. അതിൽ ശാസന, ഗുണീകരണം, നീതിയിലെ അഭ്യാസം, തർജ്ജനം എന്നിവ അടങ്ങിയിരിക്കുന്നു. ദീർഘ ക്ഷമയോടെ പ്രബോധിപ്പിക്കുകയാണ് അവർ ചെയ്യുന്നത് (2 തിമൊഥെയോസ് 4:2-3).

തുറന്ന ദൈവ വചന സത്യ ഘോഷണം പാപത്തെ സ്നേഹിക്കുന്നവർക്ക് ഇഷ്ടപ്പെടുകയില്ല. അവർ തെററായ പാതയിലാണ് സഞ്ചരിക്കുന്നതു എന്ന് അവർക്ക് അറിഞ്ഞു കൂടാ. പെന്തെകൊസ്തു നാളിൽ നടന്ന പത്രൊസിന്റെ പ്രസംഗത്തിൽ ആളുകളുടെ ഹൃദയം ഇളകി. അവരുടെ ഹൃദയത്തിൽ കുത്തുകൊണ്ടു. അവർ അപ്പൊസ്തലന്മാരോടു: സഹോദരന്മാരായ പുരുഷന്മാരെ ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു (പ്രവൃത്തി 2:37)

സുവിശേഷ സത്യം കേൾക്കുമ്പോൾ ആളുകളിൽ ചലനം ഉണ്ടാകുന്നതിൽ ആവേശം കൊള്ളേണ്ട കാര്യമില്ല. മററുള്ളവരിൽ ഫലം പുറപ്പെടുവിക്കേണ്ടതിനു ഉപദേഷ്ടാക്കന്മാരെ ദൈവം നിയോഗിച്ചിരിക്കയാണ്. എന്നാൽ സകല മനുഷ്യർക്കും നാം സർവ്വ ഭക്തിയോടും ഘനത്തോടും കൂടെ സമാധാനത്തിൽ സ്വസ്ഥതയുള്ള ജീവിതം കഴിക്കേണ്ടതിന് വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം. അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവുമാകുന്നു. തക്ക സമയത്തു അറിയിക്കേണ്ട ഈ സാക്ഷ്യത്തിനായി ഞാൻ പ്രസംഗിയും അപ്പൊസ്തലനുമായി ഭോഷ്കല്ല, പരമാർത്ഥം തന്നെ പറയുന്നു.

★

# മനുഷ്യർ നമ്മെ നിരാശപ്പെടുത്തുമ്പോൾ

**ജോ ഗാലോവെ**

മററുള്ളവരുടെ പ്രവർത്തികൾ നിമിത്തം നമുക്കെല്ലാം ചില സമയങ്ങളിൽ നിരാശയുണ്ടാകാറുണ്ട്. നമ്മുടെ ഏററവും അടുത്ത സ്നേഹിതൻ, ഉത്തമ സുഹൃത്ത് നമ്മെ താഴ്ത്തികെട്ടുവാൻ ശ്രമിക്കുമ്പോൾ നമുക്ക് അതു താങ്ങുവാൻ പ്രയാസമാണ്. സഭയിൽ ഏററവും നല്ല രീതിയിൽ ഉയർന്നു വരുന്നു എന്നു കണക്കാക്കിയ ഒരാൾ അഴിമതിയും ധാർമ്മികമായ അരാജകത്വത്തിലും ആണ് ജീവിക്കുന്നതെന്ന് അറിഞ്ഞാലുണ്ടാകുന്ന ഞെട്ടൽ ഭയങ്കരമായിരിക്കും. സത്യത്തോടു സ്നേഹവും താല്പര്യവും പുലർത്തിയിരുന്ന ഒരാൾ കർത്താവിൽ നിന്നും അകന്നു ദുരുപദേശത്തിനു അടിമയായി തീർന്നു കർത്താവിന്റെ സഭക്കു തന്നെ അപകീർത്തിയുണ്ടാക്കിയാൽ അതെത്ര ഹൃദയഭേദകമായിരിക്കും. സമൂഹത്തിൽ അറിയപ്പെടുന്ന ഒരു ബഹുമാന്യനായ സുവിശേഷകൻ പെട്ടെന്നു പാപത്തിന്റെ ചതിയിൽ വീണുപോയാൽ അതു എത്ര വലിയ ആഘാതമാണ് ഉണ്ടാക്കുന്നത്? നമ്മുടെ ക്രിസ്തീയ ജീവിതത്തെ ഉലയ്ക്കുന്ന വിധം നിരാശ നമ്മിൽ ഉണർത്തുന്നവയാണ് ഇവയെല്ലാം.

1. സഭയിലുള്ള അംഗങ്ങളിൽ നിന്നും ഇത്തരം നിരാശപ്പെടുത്തുന്ന അനുഭവങ്ങൾ ഉണ്ടാകാം. റോമിൽ തടവിൽ മരണത്തെ അഭിമുഖീകരിച്ചുകൊണ്ടിരുന്ന അവസരത്തിൽ എഴുതിയത് വായിക്കാം. ''ദേമാസ് ഈ ലോകത്തെ സ്നേഹിച്ചിട്ടു എന്നെ വിട്ടു തെസ്സലൊനീക്യയിലേക്കു പോയി. ക്രേസ്തേസ് ഗലാത്യെക്കും തീത്തൊസ് ദെല്മാത്യെക്കും പോയി'' (2 തിമൊഥെയൊസ് 4:10). പിന്നീട് പൌലൊസ് പറയുന്നതു: എന്റെ ഒന്നാം പ്രതിവാദത്തിൽ ആരും-എനിക്കു തുണ നിന്നില്ല; എല്ലാവരും എന്നെ

കൈവിട്ടു (2 തിമൊഥെയൊസ് 4:16). ഈ വലിയ അപ്പൊസ്തലൻ അതിൽ ഒന്നിലും തളർന്നുപോയില്ല. വിശ്വസ്തതയോടെ തുടർച്ചയായി കർത്താവിന്റെ വേലയിൽ മുതിർന്നു വന്നു. മററുള്ളവർ നമ്മെ നിരാശപ്പെടുത്തുമ്പോൾ അതു നമ്മുടെ വിശ്വാസ ജീവിതത്തെയോ പ്രയത്നത്തെയോ ബാധിക്കാതിരിക്കാൻ ശ്രമിക്കണം.

2. ഈ ലോകത്തിന്റെ പരീക്ഷണത്തിനും സമ്മർദ്ദത്തിനും ഇരയാകാതെ വിശ്വസ്ത ക്രിസ്തീയ ജീവിതം നയിക്കുന്ന ധാരാളം സ്ത്രീ പുരുഷന്മാർ ഉണ്ട്. അവരിൽ പലരും ധാർമ്മികമായും ഉപദേശപരമായും നിർമ്മലരത്രെ. മററുള്ളവർ പൌലൊസിനെ വിട്ടു പോയപ്പോൾ ലൂക്കൊസ് പൌലൊസിനോടുകൂടെ നിന്നു (2 തിമൊഥെയൊസ് 4:10). ലോകത്തിന്റെ മററു ഭാഗങ്ങളിൽ ഇതേ രീതിയിലുള്ള ഉപദ്രവങ്ങളും പരീക്ഷണങ്ങളും നേരിട്ടു എങ്കിലും വിശ്വസ്തരായി ക്രിസ്തീയ സേവനം നയിച്ച ആളുകൾ അന്നുണ്ടായിരുന്നു. അവർ തങ്ങളെ മലിനപ്പെടുത്താതെ സൂക്ഷിച്ചു. ഇരട്ടത്താപ്പു നയത്തിൽ കാപട്യത്തോടെ ക്രിസ്തുവിനെ സേവിക്കുന്നവർ ഉണ്ടെങ്കിലും സത്യസന്ധരായ, നിഷ്കളങ്കരായ കർത്താവിന്റെ വേലക്കാർ ഉണ്ട് എന്ന കാര്യം നാം മറക്കരുത്. ക്രിയാത്മക ചിന്തയാണ് നമ്മുടെ മനസിൽ ആദ്യം വരേണ്ടത്.

3. കർത്താവു നമ്മെ ഒരിക്കലും താഴ്ത്തികളയുകയില്ല. നമ്മുടെ ബന്ധുക്കളും സ്നേഹിതരും സഹോദരങ്ങളും നമ്മെ നിരാശപ്പെടുത്തി തരം താഴ്ത്തിയാലും ശരി നമ്മെ കൈവിടുകയില്ല എന്നു അരുളിച്ചെയ്ത കർത്താവിൽ നമുക്ക് ആശ്രയിക്കാം. അപ്പൊസ്തലനായിരുന്ന പൌലൊസിനെ മറെറല്ലാവരും വിട്ടു പോയി എങ്കിലും കർത്താവു അവനു തുണ നിന്നു ശക്തീകരിച്ചു എന്നു പറയുകയുണ്ടായി. ദൈവസാന്നിദ്ധ്യവും സഹായവും നമ്മെ ഉത്തേജിപ്പിക്കും. പ്രസംഗം നിവർത്തിക്കയും സകല ദുഷ്പ്രവർത്തിയിൽ നിന്നും വിടുവിച്ചു ത

ന്റെ സ്വർഗ്ഗീയ രാജ്യത്തിനായി രക്ഷിക്കും എന്നു പ്രസ്താവിച്ചിരിക്കുന്നു (2 തിമൊഥെയൊസ് 4:17-18). സഭയിലുള്ള എല്ലാവരും സത്യം വിട്ടകന്നു പോയാലും നാം വിശ്വസ്ഥരായി, സത്യത്തിലും നീതിയിലും നിലനിന്നാൽ ദൈനന്തിനം നമ്മോടു കൂടെ വസിക്കും. നിത്യനായ ദൈവത്തിന്റെ സത്യമായ വാഗ്ദാനം അവൻ തീർച്ചയായും പാലിക്കും.

4. നമ്മെ നിരാശപ്പെടുത്തിയ സഹോദരങ്ങൾക്കു വേണ്ടി നാമും മററു നല്ല സഹോദരങ്ങളും കർത്താവിനോടൊപ്പം തുടർച്ചയായി പ്രാർത്ഥിക്കണം. പൌലൊസിനെ വിട്ടുപോയ സഹോദരങ്ങൾക്കു വേണ്ടി പൌലൊസും ദൈവത്തോടു അപേക്ഷിക്കുന്നുണ്ട്. ''അതു അവർക്കു കണക്കിടാതിരിക്കട്ടെ'' എന്നത്രേ പൌലൊസ് ആഗ്രഹിച്ചതു (2 തിമൊഥെയൊസ് 4:16). പാപം ചെയ്ത സഹോദരങ്ങൾ തിരിച്ച് മനസാന്തരപ്പെട്ടു തങ്ങളുടെ പഴയ ഉത്സാഹത്തിലേക്കും പ്രവർത്തിയിലേക്കും അങ്ങനെ വരാനിടയുണ്ട്. അങ്ങനെയായാൽ അവർ പ്രയോജനമുള്ളവർ ആയി തീരും. ആ ഒരു സന്ദർഭം സംജാതമാകുന്നതുവരെ നാം പ്രാർത്ഥിക്കയും പ്രവർത്തിക്കുകയും വേണം. കർത്താവിന്റെ വേലയിൽ എല്ലാവരും ഫലമുള്ളവരായി തീരണം.

യേശു തിരഞ്ഞെടുത്തു പരിശീലിപ്പിച്ച പത്രൊസ് കർത്താവിനെ നിരാശപ്പെടുത്തുകയുണ്ടായി. ''ഞാൻ അവനെ ഒരിക്കലും അറിയുന്നില്ല'' എന്നു കർത്തവിനെ അവൻ തള്ളിപ്പറഞ്ഞു. കർത്താവു മുൻകൂട്ടി ഇതു അവനെ അറിയിച്ചിട്ടുള്ളതാണ്. എന്നിട്ടും പത്രൊസ് അതു ചെയ്തു. കർത്താവു ക്രൂശിൽ കിടന്നുകൊണ്ടു അവനെ ഒന്നു നോക്കി. എന്നാൽ അവൻ തന്റെ തെററു തിരുത്തി. അവൻ മാനസാന്തരപ്പെട്ടു. പിന്നീട് അവനിൽ നിന്നു പുറപ്പെട്ട ധൈര്യവും സാമർത്ഥ്യവും വളരെ ഉയർന്നതായിരുന്നു. കർത്താവിന്റെ സത്യവചനത്തിൽ നിലനില്ക്കേണ്ടതിനു അവൻ ഉപദ്രവം സഹിക്കയും അപമാനം മാനമായി

സ്വീകരിക്കയും ചെയ്തു (പ്രവൃത്തി 4:19-20;5:27-29). കൊലപാതകം, വ്യഭിചാരം എന്നിങ്ങനെയുള്ള ഘോര പാപങ്ങൾക്കിരയായിട്ടുള്ളവർ ഉണ്ട്. എന്നാൽ മാനസാന്തരപ്പെട്ടു തിരിഞ്ഞ് പൂർവ്വസ്ഥിതിയിലേക്കു വന്നവർ ചുരുക്കമാണ്. ദാവീദ് അങ്ങനെയുള്ള ഒരാളായിരുന്നു. ദൈവവേലക്കു അവൻ ആദരണീയനായി തീരുന്നുണ്ട്. തെററിപോയ സഹോദരനെ യഥാസ്ഥാനപ്പെടുത്തികൊണ്ടു വരുവാൻ നമുക്കും ഒരു പക്ഷെ കഴിയും (ഗലാത്യർ 6:1).

5. ദൈവത്തിലായിരിക്കണം നമ്മുടെ ആശ്രയം. മനുഷ്യരിൽ ആയിരിക്കരുത് (1 കൊരിന്ത്യർ 2:5; 1 പത്രൊസ് 1:21). ആകയാൽ ആരും മനുഷ്യരിൽ പ്രശംസിക്കരുത്(1 കൊരിന്ത്യർ 3:21). എഴുതിയിരിക്കുന്നതിനു അപ്പുറം ഭാവിക്കരുത് (1 കൊരിന്ത്യർ 4:6). നാം മനുഷ്യരിൽ കൂടുതൽ ആശ്രയം വെക്കുമ്പോൾ അതു നമ്മെ നിരാശപ്പെടുത്തും. ഏററവും നല്ല മനുഷ്യരും തെററു ചെയ്യും. മനുഷ്യരിലുണ്ടാകാനിടയുള്ള ബലഹീനതകളെ നാം അറിയാതിരിക്കരുത്. ദൈവമോ വികാരത്താൽ ഗതിഭേദം വരുത്തുന്നവനല്ല. ദൈവത്തിൻെറ വിശുദ്ധിയും നന്മയും സത്യവും ഇളകാത്തതാണ്. ദൈവത്തിൻെറ സ്ഥിരമായ സ്വഭാവത്തിനു വിട്ടുവീഴ്ച്ചയില്ല. അചഞ്ചലമായ വിശ്വാസത്തിനും ആശ്രയത്തിനും യോഗ്യൻ ദൈവം മാത്രം. ഒരു മനുഷ്യനിലും അതു വെച്ചു പുലർത്തരുത്.

ജീവിതത്തിൻെറ എല്ലാവശങ്ങളിലും നാം മററുള്ളവർക്കു നല്ല മാതൃക കാണിച്ചു കൊടുക്കണം (1 തിമൊഥെയൊസ് 4:12). മററുള്ളവർ നയിക്കേണ്ട ജീവിതത്തിനായി അവരെ പ്രോത്സാഹിപ്പിക്കണം. അവർ ഇടറുമ്പോൾ വീഴാതിരിക്കേണ്ടതിനു നാം ശരിയായ മനോഭാവത്തിൽ അവരെ സഹായിക്കണം. പിന്നീട് നാം ഒരിക്കലും ഇളകാത്ത കർത്താവിൽ ആശ്രയം വെക്കുകയും അവനെ വിശ്വസ്ഥമായി പിൻപററുകയും വേണം (എബ്രായർ 13:8; 2 തിമൊഥെയൊസ് 2:13).

★

# അനുസരണം

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

അപ്പന്റെ വാക്കുകൾ കേൾക്കുന്നപൊന്മകൻ.
അമ്മയിൻ വാക്കുകളോർക്കുമതെപ്പെഴും.
ഹൃദയപ്പലകയിലെപ്പൊഴും കാക്കുക,
അക്ഷരമാക്കി കഴുത്തിൽപതിക്കുക.

നിൻവഴിയേതെന്ന് ഓതുമതെപ്പെഴും,
നിദ്രയിൽ ഭദ്രമായ് കാത്തുപുലർത്തിടും.
കല്പനദീപവും തത്വംവെളിച്ചവും,
ശാസനതന്നെ നടത്തിതുടങ്ങിടും.

ചക്കരവാക്കിനാൽ തട്ടിതകർക്കുന്ന,
ജീവിതപാതയെ കാത്തരുളീടുമേ.
ഉള്ളത്തിൽ ആദ്യം ഉദിക്കുന്ന സൗന്ദര്യം,
കള്ളപിശാചിന്റെ വക്രനിരൂപണം.

കള്ളകൂടുകളിൽപെടാതെ നടുങ്ങി നീ,
കണ്ടറിഞ്ഞീടുക പൊള്ളത്തരങ്ങളെ.
പാവകനാരും മടിയിൽ പകരില്ല,
പാതകമാണെന്ന് പിന്നീടറിയുമേ.

കാൽവെള്ള പൊള്ളാതെ തീയിൽ നടപ്പവൻ,
കാര്യം ഗ്രഹിക്കാതെ പാഴ്വാക്കുരയ്ക്കുന്നു.
കാളും വിശപ്പടക്കാൻ മാത്രം ധാന്യമെടുക്കുകിൽ,
ആരും പഴിക്കില്ല നിശ്ചയം നിശ്ചയം.

★

# പേർ പറയുന്നില്ലെങ്കിലും ശ്രദ്ധിക്കപ്പെടാതിരിക്കുന്നില്ല

## ലേവി സൈഡ്സ്

തിരുവെഴുത്തിലെ പ്രസ്താവനകളുടെ അർത്ഥ വ്യാപ്തി അപാരം തന്നെ. ചില പ്രവൃത്തികൾ ചെയ്യുന്നതു ആരാണെന്നു പറയുന്നില്ല. പക്ഷെ അതു ശ്രദ്ധിക്കുന്നു എന്നതു പരമപ്രധാനം. ''നിങ്ങൾ ക്രിസ്തുവിനുള്ളവർ എന്നീ നാമത്തിൽ ആരെങ്കിലും ഒരു പാനപാത്രം വെള്ളം നിങ്ങൾക്കു കുടിപ്പാൻ തന്നാൽ അവനു പ്രതിഫലം കിട്ടാതിരിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു (മർക്കൊസ് 9:41).

രണ്ടാം ലോകമഹായുദ്ധ കാലത്ത്, മിലിട്ടറി ആസ്പത്രികളിൽ അസംഖ്യം ആളുകൾ മരണത്തെ അഭിമുഖീകരിച്ചുകൊണ്ടു കിടന്നിരുന്നു. മുറിവേററ പടയാളികളിൽ ചിലർ ഗുരുതരമായ പരുക്കുകളാൽ വേദനകൊണ്ടു പുളയുന്നവരായിരുന്നു. അവരിൽ ഒരാൾ ഇപ്രകാരം പറയുകയുണ്ടായി ''എൻെറ ജീവിതം ഒരു ഡോക്ടറോടു കടപ്പെട്ടിരിക്കയാണ്. കാരണം അയാളാണ് എൻെറ ജീവൻ രക്ഷിച്ചത്''. ആ ഡോക്ടർ അയാളെ യാതൊരു വൈഷമ്യവും കൂടാതെ ചികിത്സിച്ചു ഭേദമാക്കി. ആ ഡോക്ടർ ആരാണെന്നും അയാളുടെ പേർ എന്തെന്നും അറിയുന്നതിനു മുൻപ് അയാൾ കൊല്ലപ്പെട്ടു. ''ആ ഡോക്ടറെ ഞാൻ ഒരിക്കലും മറക്കുകയില്ല'' എന്ന് അയാൾ പ്രതിവചിച്ചു. അനേക നായകന്മാർ കാലയവനികക്കു പിന്നിൽ മറഞ്ഞു. പക്ഷെ അവരുടെ പ്രവർത്തികൾ നമ്മെ പിൻപററുന്നു. പലരും ജീവിക്കയും മരിക്കയും ചെയ്യുന്നു. പക്ഷെ അവരുടെ കാലശേഷം അവർ ഒന്നും നിലനിർത്തുന്നില്ല വാസ്തവത്തിൽ.

ബൈബിളിൽ പേരെടുത്തു പറയാത്ത ആയിരക്കണക്കിനും പതിനായിരക്കണക്കിനും ആളുകൾ ഉണ്ട് എന്നു നിങ്ങൾക്കറിയാമോ? അവരെ നമുക്ക് പേരില്ലാത്ത ദൈവമക്കൾ എന്നു വിളിക്കുന്നതിൽ തെററില്ല. പലപ്പോഴും നാം ബൈബിളിലെ പ്രമുഖ കഥാപാത്രങ്ങളെയാണ് എടുത്തു കാണിക്കുന്നത്. എന്നാൽ നമ്മുടെ ശ്രദ്ധക്കു പാത്രമാവേണ്ട ധാരാളം വ്യക്തികളെ അതിൽ പ്രതിപാദിക്കുന്നുണ്ട്. പേർ സൂചിപ്പിച്ചിട്ടില്ലെങ്കിലും അവരുടെ പ്രവൃത്തികളെ അതിൽ രേഖപ്പെടുത്തിയിരിക്കുന്നതു ദൈവ വിശ്വാസീയരായ ദാസന്മാരത്രെ. അവരെ കുറിച്ചും ദൈവത്തിനു ഉദ്ദേശമുണ്ടായിരുന്നു. അവർ പ്രസിദ്ധരാകുന്നതു അവരുടെ പേരിനാലയിരുന്നില്ല; പിന്നെയോ അവരുടെ സൽ പ്രവർത്തികൾ നിമിത്തമായിരുന്നു. പേർ കൊടുത്തിട്ടില്ല എന്ന കാരണത്താൽ നാം അവരെ അവഗണിക്കുന്നതു യുക്തമല്ല. ദൈവത്താൽ അംഗീകരിക്കപ്പെട്ട ഇവരുടെ യോഗ്യതകളെ നാം പരിഗണനയോടെ മാനിക്കണം.

പഴയ നിയമത്തിലും പുതിയ നിയമത്തിലും നാം ധാരാളം വിശ്വാസ വീരന്മാരെ കുറിച്ചു വായിക്കുന്നുണ്ട്. എന്നാൽ എബ്രായ ലേഖകൻ തൻെറ വിവരണത്തിൽ ഒരു പ്രത്യേകത നമ്മുടെ മനസിനെ ഉണർത്തുന്നു. ദൈവത്തിനു വേണ്ടി ജീവിച്ച് ഇവർ അനുഭവിച്ച ജീവിതത്തെ ഈ ഭാഗത്തു വരച്ചു കാണിച്ചിരിക്കുന്നു. ''വേറെ ചിലർ പരിഹാസം, ചമ്മട്ടി, ചങ്ങല, തടവു ഇവയാലുള്ള പരീക്ഷ അനുഭവിച്ചു. കല്ലേറു ഏററു, ഈർച്ച വാളാൽ അറുക്കപ്പെട്ടു, പരീക്ഷിക്കപ്പെട്ടു, വാളാൽ കൊല്ലപ്പെട്ടു, ജടയാടുകളുടേയും കോലാടുകളുടേയും തോൽ ധരിച്ചു, ബുദ്ധിമുട്ടും ഉപദ്രവവും കഷ്ടവും സഹിച്ചു, കാടുകളിലും മലകളിലും, ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു വലഞ്ഞു (എബ്രായർ 11:36-40). അവർ ആരെല്ലാമെന്നു നമ്മോടു അരുളിച്ചെയ്തിട്ടില്ല. ''വേറെ ചിലർ എന്നു മാത്രമെ പറഞ്ഞിട്ടുള്ളു. എങ്കിലും അവർ ആരായിരുന്നു

എന്നു ദൈവത്തിനറിയാം. അവരുടെ വിധേയത്വത്തിനു ഒരിക്കൽ അവർ ആദരിക്കപ്പെടും എന്നതു തീർച്ചയാണ്. അവരുടെ വിശ്വാസ ജീവിതം ശേഷമുള്ളവർക്കു നല്ലൊരു ദൃഷ്ടാന്തമാണ്.

മർക്കൊസിന്റെ സുവിശേഷത്തിൽ ദരിദ്രയായ ഒരു വിധവയെ പററി പരാമർശിക്കുന്നുണ്ട്. അവർ ഭണ്ഡാരത്തിൽ പൈസ ഇടുന്നതു യേശു കണ്ടു. അവളുടെ പേരോ ദേശമോ വ്യക്തമാക്കിയിട്ടില്ല. അവൾ മറെറല്ലാവരേക്കാളും കൂടുതൽ ഇട്ടതായി ദൈവം കണക്കാക്കുന്നു (മർക്കൊസ് 12:42). അവൾ ഭണ്ഡാരത്തിൽ ഇട്ടതു മററാരും കണ്ടിരിക്കയില്ല എന്നാണ് അവർ വിചാരിച്ചതു. മനുഷ്യർ ആരും കാണാതിരിക്കയും ദൈവം കാണുകയും ചെയ്തു. അവളുടെ ആ പ്രവർത്തി ഇന്നും സ്മരിക്കപ്പെടുന്നു. ദൈവത്തിനു കൊടുക്കുന്നതിനെ കുറിച്ചു പ്രസംഗിക്കുന്ന സാഹചര്യത്തിൽ ഈ വിധവയെ സൂചിപ്പിക്കും.

നാം എത്ര കൂടുതൽ പണം കൊടുക്കുന്നു എന്നതിനെക്കാൾ അതിൽ അടങ്ങുന്ന ഉദ്ദേശ ശുദ്ധിയെ ദൈവം മാനിക്കുന്നു. അല്ലെങ്കിൽ അതിലെ തത്വവും ഉദ്ദേശവും എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു എന്നതാണ് പ്രധാനം. നാം സംഭാവന കൊടുക്കുന്നുണ്ട്. പക്ഷെ അതിന്റേയും പിന്നിലെ ഉദ്ദേശത്തെ വ്യക്തമാക്കുന്നതാണ് ആ പ്രവൃത്തി. ആരാണ് കൊടുക്കുന്ന വ്യക്തി എന്നതിനേക്കാൾ നമ്മുടെ വിചാരം പ്രാധാന്യമർഹിക്കുന്നു. ആ വിധവ അവൾക്കുണ്ടായിരുന്ന സമ്പാദ്യം മുഴുവൻ ദൈവത്തിനു നല്കി. അവൾ തന്റെ ഭാവിയെക്കുറിച്ച് ആദ്യം ചിന്തിച്ചിരുന്നെങ്കിൽ അങ്ങനെ കൊടുക്കുമായിരുന്നില്ല. പലർക്കും പററുന്ന കുഴപ്പം മുൻഗണന കൊടുക്കുന്നതിലാണ്. ആദ്യം നാം ദൈവത്തിനു പരിഗണന കൊടുക്കണം. ബാക്കി കാര്യങ്ങൾ ദൈവം നടത്തിതരും എന്ന വിശ്വാസം ഉണ്ടാകണം.

★

സ്ത്രീകൾക്കു വേണ്ടി

# സ്നാനത്തിന് ഒരു മുൻകുറി

## ആശാ സിദ്ധാർത്ഥൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

നോഹയും കുടുംബവും പെട്ടകത്തിനുള്ളിൽ കടന്നതിനാൽ ആണ് രക്ഷിക്കപ്പെട്ടത്. പ്രവൃത്തി 16:31-ൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും. ഇതുപോലെ നോഹയിൽകൂടി അവന്റെ കുടുംബത്തിലുള്ള ഏഴ് പേർ കൂടി രക്ഷ പ്രാപിക്കുന്നതായി നമുക്ക് കാണ്മാൻ കഴിയും.

ഉല്പത്തി 7:21-ൽ ഭൂമിയിലുള്ള ബാക്കി സകലവും ചത്തുപോയി. ആദ്യമായി യെരുശലേമിൽ ജനം; രക്ഷ പ്രാപിക്കാൻ ഞങ്ങൾ എന്തു ചെയ്യേണം എന്ന് ചോദിച്ചവരോട്: പത്രോസ്, നിങ്ങൾ മാനസാന്തരപ്പെട്ട് പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്ന് പ്രവൃത്തി 12:38-ൽ പറയുന്നു. സ്നാനം എന്ന ഉപദേശം പരിശുദ്ധാത്മാവ് മുഖാന്തരം പത്രോസിലൂടെ ആദ്യമായി യെരുശലേമിൽ പ്രസംഗിക്കപ്പെട്ടു. ഈ അപ്പോസ്തലൻ താൻ മരണത്തോടടുത്ത നേരത്തിൽ റോമാ സാമ്രാജ്യ തടവറയിൽ ഇന്നോ നാളെയോ എന്ന അവസ്ഥയിൽ എഴുതിയ ലേഖനമാണ് 1 പത്രോസ്. ആ ലേഖനത്തിൽ കൂടി സ്നാനത്തെക്കുറിച്ച് നമുക്കെല്ലാവർക്കും കഴിഞ്ഞകാല ജനത്തിനും വരും കാല ജനത്തിനും എടുത്തു കാട്ടുന്നു. പഴയനിയമ കാലത്തിൽ കടന്നുചെന്ന് നോഹയുടെ കാലത്തെക്കുറിച്ച് എടുത്തുകാട്ടി സ്നാനത്തെക്കുറിച്ച് ഉപദേശിക്കുന്നു. നോഹയുടെ കാലത്തിലെ വെള്ളപ്പൊക്കത്തെ നമുക്ക് ഓർമ്മപ്പെടുത്തുന്നു. അനുസരിക്കാത്തവർ വെള്ളത്താൽ നശിച്ചുപോയി. നോഹയും കുടുംബവും പെട്ടകത്തിനുള്ളിൽ കടന്ന് അനുസരി

ച്ചതിനാൽ രക്ഷിക്കപ്പെടുന്നു. നശിച്ചവർ വെള്ളത്താൽ നശിച്ചുപോയി. രക്ഷിക്കപ്പെട്ടവർ വെള്ളത്താൽ രക്ഷിക്കപ്പെട്ടു. ഈ ഉപദേശത്തെയാണ് 1 പത്രൊ. 3:20-ൽ പറയുന്നത്.

ഇന്ന് ജനങ്ങളുടെ ഇടയിൽ സ്നാനം എന്ന ഉപദേശത്തെ എങ്ങനെ എടുക്കുന്നു? ഇത് ഒരു അവസാന സിദ്ധാന്തമായും, ആവശ്യമില്ലാത്ത ഒന്നായും, പല പ്രാവശ്യം എടുക്കുന്ന ഒന്നായും, ഒരു പ്രാധാന്യം ഇല്ലാത്ത ഒന്നായും, ഒരു ചടങ്ങുപോലെയും ഇന്ന് സഭാവിഭാഗങ്ങളിൽ ഉപദേശിക്കപ്പെടുന്നു. ഇന്ന് അനേകം അനേകം പേരുകേട്ട വിശ്വാസികംപോലും തങ്ങളും തെറ്റായ സ്നാനത്തിൻ കീഴിലാണ് ഇരിക്കുന്നത് എന്ന് അറിഞ്ഞിട്ടും ആ വിഷയത്തിൽ തങ്ങളുടെ ഹൃദയത്തെ മൂടിക്കൊണ്ട്, കർത്താവിന്റെ നാമത്തെ മഹിമപ്പെടുത്തും എന്ന് വിളിച്ച് പറഞ്ഞു പ്രവർത്തിച്ചുവരുന്നു. എന്നാൽ സ്നാനം എന്നതോ, യേശുക്രിസ്തുവിൽ നമ്മെ ആക്കുവാൻ കഴിയുന്നതും നമ്മുടെ പാപങ്ങളെ മുഴുവൻ കഴുകുന്നതും, നാം കർത്താവിന്റെ കുടുംബത്തിൽ ആയി തീരുന്നതും, നാം ക്രിസ്തുവിന്റെ സഭയിൽ ദൈവത്തിന്റെ മക്കളായി ഇരിക്കുന്നതും ആയി വെളിപ്പെടുത്തുന്നു. അതുകൊണ്ട് സ്നാനം വളരെ മുഖ്യമായ ഒന്നാണ്. എന്നാൽ ഇതിനെ അനവധി സഭാവിഭാഗക്കാർ, തളിക്കുന്നതിലൂടെയും തലയെ മാത്രം കഴുകുന്നതിലൂടെയും മററ് പല രീതിയിലും കൊടുത്തു വരുന്നു. ഇന്ന് വ്യാപകമായ സിദ്ധാന്തം എന്തെന്നാൽ "ഞാനും കൂടി സ്നാനം എടുത്തവൻ" എന്ന് സാത്താൻ പറയാമെന്നതുപോലെ എല്ലാവരും പറയാൻ ആരംഭിച്ചിരിക്കുന്നു. ഇത് ഒരു സർവ്വസാധാരണ വിഷയമായി മാറിയിരിക്കുന്നു. ഞാൻ മുമ്പെ സ്നാനം എടുത്തെന്നും, കുഞ്ഞായിരിക്കുമ്പോഴേ എടുത്തെന്നും, വലിയ ഉപദേശി കൊടുത്തെന്നും, പല പ്രാവശ്യം എടുത്തെന്നും അഭിമാനത്തോടുകൂടി പറഞ്ഞുകൊണ്ടു

വരുന്നു. കർത്താവിന്റെ ഉപദേശപ്രകാരം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആദ്യനൂററാണ്ടിൽ തുടങ്ങിയ ക്രിസ്തുവിൻ സഭയിലെ ഒരു അംഗത്തിലൂടെ നാം സ്നാനം എടുക്കേണ്ടത് ആവശ്യമാണ്. അതായത് ക്രിസ്തുവിന്റെ സഭയിൽ വരേണ്ട നിങ്ങൾ ക്രിസ്തുവിന്റെ സഭക്കു വെളിയിൽ ഉള്ള ഒരു മനുഷ്യനാൽ അത് എടുക്കുവാൻ സാധിക്കുന്നതല്ല. നല്ല മരം നല്ല ഫലം കൊടുക്കും, മോശമായ മരം മോശമായ ഫലം കൊടുക്കും. മരത്തിന്റെ ഗുണം അതിന്റെ ഫലത്തിലൂടെ കാണാം. തെററായ രീതിയിൽ സ്നാനം എടുത്താൽ നിങ്ങൾ നിർഭാഗ്യശാലികൾ ആയിരിക്കും. ശരിയായ രീതിയിൽ സ്നാനം എടുത്താൽ നാം ക്രിസ്തുവിന്റെ ശരീരത്തോട് ഒന്നായി ചേരുന്നു.

സ്നാനം വെള്ളത്തിൽ മുങ്ങലാണ്. പ്രവൃത്തി 8:38ൽ ഫിലിപ്പോസും ഷണ്ഡനും വെള്ളത്തിൽ ഇറങ്ങി അവൻ അവനെ സ്നാനം കഴിപ്പിച്ചു. വെള്ളം അധികം ഉള്ള സ്ഥലത്താണ് സ്നാനം കൊടുത്തിരിക്കുന്നത് (യോഹന്നാൻ 3:23). ഒരു കപ്പിൽ ഒഴിച്ചുകൊടുക്കുന്നതോ തലയെ മാത്രം നനയ്ക്കുന്നതോ ശരീരത്തെ നനയ്ക്കുന്നതോ അല്ല സ്നാനം. പത്രോസ് പറയുന്നു 1 പത്രോസ് 3:21-ൽ സ്നാനം എന്നതോ ഇപ്പോൾ ജഡത്തിന്റെ അഴുക്ക് കളയുന്നതായിട്ടല്ല ആത്മാവിന്റെ രക്ഷക്കുവേണ്ടിയുള്ളതാകുന്നു. പ്രവൃത്തി 22:16-ശൗലിനോട് അനന്യാസ് കർത്താവിന്റെ നാമം വിളിച്ച് പ്രാർത്ഥിച്ച് സ്നാനം ഏററ് നിന്റെ പാപങ്ങളെ കഴുകികളക എന്ന് പറഞ്ഞു. അവൻ സ്നാനം ഏററ് പൗലോസമായി മാറുന്നു. അനന്യാസ് ശൗലിനോട് ഇനി താമസിക്കുന്നത് എന്ത്? എഴുന്നേററു പാപങ്ങൾ കഴുകികളക എന്ന് പറയുമ്പോൾ ശൗലിന്റെ പാപങ്ങൾ നീങ്ങാൻ കഴുകേണ്ടിയിരുന്നു. കഴുകുക എന്ന് പറഞ്ഞാൽ സ്നാനം എടുക്കണം എന്നർത്ഥം. അവൻ ഉടനെ സ്നാനം എടുത്ത് തന്റെ പാപങ്ങൾ കഴുകികള

ഞ്ഞു. അതിനാൽ കർത്താവിനെ നേരിൽ കണ്ടതിനാലും അപ്പൊസ്തലർ സത്യം ഉപദേശിച്ചതിനാലും കണ്ണുനീർ ഒഴുക്കി കരഞ്ഞിരുന്നാൽ പോലും അവൻെറ പാപങ്ങളെ കഴുകി കളയാൻ സ്നാനം ആവശ്യമായിരുന്നു.

പൂർവ്വകാലത്തിൽ ജീവിച്ച നോഹ പെട്ടകത്തിൽ കടന്ന് വെള്ളത്താൽ രക്ഷ പ്രാപിച്ചു. പുറത്തായിരുന്ന ജനം വെള്ളത്താൽ നശിക്കപ്പെട്ടു. ഇപ്പോഴും ദൈവം നമുക്ക് ഒരു വെള്ളത്തെ കാണിക്കുന്നു. ഈ വെള്ളം കുടിക്കുന്നതിനോ, കുളിക്കുന്നതിനോ ഉള്ളതല്ല. ഗുണമായിത്തീരുന്നതിനുള്ള വെള്ളം. 1 പത്രൊസ് 3:21-ൽ സ്നാനം നമ്മെ രക്ഷിക്കുന്ന ഒന്നായിരിക്കുന്നു. ഒരുവൻ വെള്ളത്തിൽ ഇറങ്ങി എഴുന്നേററ് വരുന്നതിനാൽ രക്ഷിക്കപ്പെടുന്നില്ല. വെള്ളത്തിൽ ഇറങ്ങുന്ന മനുഷ്യൻ ക്രിസ്തുവിൻെറ മരണത്തെ വിശ്വസിച്ച് അവൻെറ ഉയർത്തെഴുന്നേല്പിൽ വിശ്വസിച്ച് അയാൾ വെള്ളത്തിൽ മുഴുവനായി മുങ്ങുമ്പോൾ അയാൾ ദൈവത്തിൻെറ അനാദി നിർണ്ണയമായ സുവിശേഷത്തിൻ വഴിയായ് രക്ഷ പ്രാപിക്കുന്നു. വെള്ളത്തിനുള്ളിൽ പോകുമ്പോൾ അയാൾ ചത്ത മന: സാക്ഷിയുള്ളവനായിരുന്നു. എന്നാൽ അതിൽ നിന്ന് കയറി വരുമ്പോൾ നല്ല മന:സാക്ഷിയുള്ളവനായി തീരുന്നു. 1 പത്രൊസ് 3:21-ൽ നിങ്ങൾ നല്ല മന:സാക്ഷിയുള്ളവരായ് തീർന്ന് ദൈവത്തോടുകൂടെ ഒരു നിയമം ചെയ്തുകൊള്ളുന്നു; യേശുക്രിസ്തുവിൻെറ പുനരുത്ഥാനത്താൽ രക്ഷിക്കപ്പെടുന്നവരായി തീരുന്നു. സ്നാനം എന്നത് വെള്ളത്താൽ ആകുന്നു എങ്കിലും വെള്ളത്തിനുള്ളിൽ പോകുന്ന മനുഷ്യൻ മന:സാക്ഷിയിൽ മാററമുള്ളവനായി തീരുന്നു. ദൈവത്തോട് നല്ല മന:സാക്ഷി ഉണ്ടാകുന്നു. ഇവയെല്ലാം കർത്താവായ യേശുക്രിസ്തുവിൻെറ ഉയർത്തെഴുന്നേല്പിലൂടെ നാം ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 8.45 to 9.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.00 to 2.15 P.M.
Tuesdays — 2.00 to 2.15 P.M.
Thursdays — 2.00 to 2.15 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 to 2.00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

You are Cordially Invited
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To